സി.ഇ.ഇ./5354/പി.ജി.എം/2019/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്
# 2019 –ലെ പി.ജി.മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ)/പി.ജി.ദന്തൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

## ശാരീരിക അവശതയുള്ള (PD) വിഭാഗം വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന

2019–20 അധ്യയനവർഷം കേരളത്തിലെ പി.ജി. മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ)/ പി.ജി. ദന്തൽ കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകരിൽ **Persons with Disabilities (PD)** വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുള്ള മെഡിക്കൽ പരിശോധന **2019 മാർച്ച് 30–ാം തീയതി രാവിലെ 10–ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച്** നടത്തുന്നതാണ്. ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അറിയിപ്പ് മെമ്മോ അയക്കുന്നതാണ്. മെമ്മോ ലഭിക്കാത്തതും, ശാരീരിക ക്ഷമത കുറഞ്ഞ **(PD)** വിഭാഗത്തിൽപ്പെട്ടവരുമായ വിദ്യാർത്ഥികൾ ഇതൊരറിയിപ്പായി കണക്കാക്കി മേൽപ്പറഞ്ഞ ദിവസം മെഡിക്കൽ ബോർഡ് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്.

വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷയുടെ മാർക്ക് ലിസ്റ്റ്, ശാരീരിക വൈകല്യം സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകൾ, അറിയിപ്പ് മെമ്മോ, പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ് എന്നിവ യുമായി നേരിട്ട് പരിശോധനയ്ക്ക് ഹാജരാകേണ്ടതാണ്. മെഡിക്കൽ പരിശോധനയ്ക്ക് നേരിട്ട് ഹാജ രാകാത്ത വിദ്യാർത്ഥികളെ **Persons with Disabilities (PD)** വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

Sreetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
26.03.2019